


# e ജാലകം

# little KITEs

## GHSS Pannur

# ആശംസ



## മനോഹരൻ കെ ജി

## (ഹെഡ്മാസ്റ്റർ)

വിവരസാങ്കേതികവിദ്യ അനുദിനം വികസിച്ചു കൊണ്ടിരിക്കുകയാണ്. കേരള ഗവൺമെന്റ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ പൊതു വിദ്യാലയങ്ങൾ ഹൈടെക് ആയി മാറിക്കൊണ്ടിരിക്കുകയാണ്. വിദ്യാലയത്തിലെ ഹൈടെക് ക്ലാസ് മുറികളുടെ സംരക്ഷകരായി മാറിയിട്ടുള്ള ലിറ്റിൽ കൈറ്റ്സ് അവരുടെ സർഗാത്മക ശേഷികൾ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഈ ഡിജിറ്റൽ മാഗസിൻ e ജാലകം തയ്യാറാക്കിയിട്ടുള്ളത്. ഈ മാഗസിൻ തയ്യാറാക്കുവാൻ പ്രവർത്തിക്കുകയും സഹായിക്കുകയും സഹകരിക്കുകയും ചെയ്തിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും എന്റെ അനുമോദനങ്ങൾ

# പത്രാധിപ സമിതി

- മനോഹരൻ കെ ജി (ഹെഡ്മാസ്റ്റർ)
- ഷൈമ പി (കൈറ്റ് മിസ്ട്രസ്)
- ഹരിദാസൻ പി കെ (സ്റ്റാഫ് സെക്രട്ടറി)
- ദൃശ്യ ദിനേഷ് എൻ (കൈറ്റ് ലീഡർ)
- ആകാശ് മനോഹർ വി (ചീഫ് പത്രാധിപർ)
- അനന്തു സി എം
- മുഹമ്മദ് സഹൽ കെ കെ
- അംജദ നസ്റിൻ കെ
- നയന പി
- മുബഷിർ എം പി
- അജയ് വിഷ്ണു ഒ കെ
- മുസ്തഫ സി കെ (SITC)

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

- മുഹമ്മദ് സഫ്‌വാൻ എം
- മുഹമ്മദ് സഫ്‌വാൻ പി പി
- ഫാരിസ് അഹമ്മദ് എം പി
- അഫ്‌ലഹ് വി ടി
- ദൃശ്യ ദിനേഷ് എൻ
- മുഹമ്മദ് സഹൽ കെ കെ
- ആകാശ് മനോഹർ വി
- മുഹമ്മദ് ഫാസിൽ കെ പി
- സൂര്യദേവ് കെ കെ
- ഹസ്ന കെ
- നാദിയ കെ
- മുഹമ്മദ് ഷിയാൻ
- അംജദ നസ്റിൻ കെ
- കാർത്തിക് പി

- അഭിനവ് സി കെ
- നീരജ് എ കെ
- വിനായക് എം പി
- നസീഹ എസ് എം
- മുബഷിർ എം പി
- അഭയ് ബി രാജ്
- അജയ് വിഷ്ണു ഒ കെ
- മുഹമ്മദ് അഫ്ത്താഷ് എൻ ടി
- അർഷിൽ നിഹാൽ ടി പി
- ഷാരോൺ സി ദിനേഷ്
- അനന്തു സി എം

## നമ്മുടെ സാരഥികൾ




## പി ടി എ കമ്മറ്റി



## ഉള്ളടക്കം


നമ്മുടെ വിദ്യാലയം.......7
പഴഞ്ചൊല്ലുകൾ.......9
ആനക്കുട്ടിയുടെഅമ്മ.......10
പ്രളയം ഒരു തിരിഞ്ഞു നോട്ടം.......11
നമ്മുടെ പ്രകൃതി.......12
വനിതാ രത്നങ്ങൾ.......13
BOOKS.......15
നീലാകാശം.......16
പ്രകൃതി സംരക്ഷണം.......17
മാതൃനൊമ്പരം.......18
സ്മാർട്ട് ഫോണുകൾ കുട്ടികളെ സ്മാർട്ടാക്കുന്നുണ്ടോ.......20
എന്റെ മുത്തച്ഛൻ.......21
ഒരു പുഴയോരം.......22
ഹിബാക്കുഷ.......23
My Life.......24
നിഷ് ക്രിയത്വത്തിന്റെ മീഡിയ വർത്തമാനങ്ങൾ.......25
WHEN I AM ALONE.......27
പഴഞ്ചൊല്ലുകൾ.......28
Another Chance.......29
തിരക്ക്.......30
പ്രളയം.......31
നന്മവെളിച്ചം.......33
Education.......34
കടങ്കഥ.......35
ജീവചരിത്ര കുറിപ്പ്.......36
മരങ്ങൾ വളർത്താം.......37
വർണം.......38
മികവിന്റെ കേന്ദ്രം.......39
സ്കൂൾ ജൈവവൈവിധ്യ രജിസ്റ്റർ.......40
മഹത് വചനങ്ങൾ.......41

# നമ്മുടെ വിദ്യാലയം

ഒമ്പത് ദശാബ്ദങ്ങളായി ആയിരങ്ങൾക്ക് അക്ഷര വെളിച്ചം പകർന്നു നൽകിയ പന്നൂർ ഗവ: ഹയർ സെക്കണ്ടറി സ്കൂൾ 1928 ലാണ് സ്ഥാപിതമായത്. കോഴിക്കോട് ജില്ലയിൽ കിഴക്കോത്ത് ഗ്രാമ പഞ്ചായത്തിലെ പന്നൂർ പ്രദേശത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 1928 ശ്രീ മറിവീട്ടിൽ കൃഷ്ണൻ നായർ സ്ഥാപിച്ച എലിമെന്ററി സ്കൂളിൽ നിന്നാണ് ഇതിന്റെ ആരംഭം. സ്ഥാപിച്ച് ഏതാനും വർഷങ്ങൾക്കകം സർക്കാറിന് കൈമാറ്റം ചെയ്യപ്പെട്ടതോടെ സ്കൂളിന്റെ പുരോഗതിക്ക് വേഗതയേറി. 1950 ൽ അപ്പർ പ്രൈമറി ആയി ഉയർത്തപ്പെട്ട സ്കൂൾ 1983-ൽ ഹൈസ്കൂളായും പഠന നിലവാരത്തിന്റെ അടിസ്ഥാനത്തിൽ 2003 ൽ ഹയർസെക്കണ്ടറിയായും അപ്ഗ്രേഡ് ചെയ്യപ്പെട്ടു. കിഴക്കോത്ത് പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമായ പന്നൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കോഴിക്കോട് ജില്ലയിലെ മികച്ച സർക്കാർ വിദ്യാലയങ്ങളിൽ ഒന്നാണ്.

എസ്.എസ്.എൽ.സി പരീക്ഷയിലെ തുടർച്ചയായ സമ്പൂർണ്ണ വിജയം, പ്ലസ്ടു ബാച്ചുകളിലെ ഉയർന്ന വിജയശതമാനം, ഉപജില്ല കായികമേളയിലെ കൈവിടാത്ത ചാമ്പ്യൻപട്ടം , സംസ്ഥാന-ദേശീയ കായികമേളയിലെ വിജയം,കലാ മേളയിലെ മികച്ച പ്രകടനം എന്നിങ്ങനെ നാം സ്വന്തമാക്കിയ നേട്ടങ്ങൾ നിരവധിയാണ്. പൊതുവിദ്യാഭ്യാസ ശാക്തീകരണം ലക്ഷ്യമാക്കി നിയോജകമണ്ഡലം തോറും ഓരോ ഹയർ സെക്കണ്ടറി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന സംസ്ഥാന സർക്കാറിന്റെ പ്രഖ്യാപിത പദ്ധിതിയിൽ കൊടുവള്ളി നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടത് ഈ വിദ്യാലയമാണെന്നത് അഭിമാനകരമാണ്.

പൊതുജനങ്ങളുടെയും പി.ടി.എ യുടെയും രാഷ്ട്രീയ സാമൂഹിക സംസ്കാരിക പ്രവർത്തകരുടെയും നിരന്തരമായ ഇടപെടലാണ് പുരോഗതിയി ലേക്കുള്ള പ്രയാണത്തിൽ നമുക്ക് കരുത്തേകുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഈ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ കഴിയും എന്നതിൽ സംശയമില്ല.













# പഴഞ്ചൊല്ലുകൾ

അഭിനവ് സി.കെ

* വിത്താഴം ചെന്നാൽ പത്താഴം നിറയും
* തന്നത്താനറിഞ്ഞില്ലെങ്കിൽ പിന്നത്താനറിയും
* വിത്തുഗുണം പത്തുഗുണം
* ഒന്നുചീഞ്ഞാൽ മറ്റൊന്നിനുവളം
* മെല്ലെത്തിന്നാൽ മുള്ളും തിന്നാം
* ഉണ്ടചോറിൽ മണ്ണിടുക
* കടന്നൽക്കൂട്ടിൽ കല്ലിട്ടപോലെ
* അണ്ണാനാശിച്ചാൽ ആനയാകുമോ?
* വിത്തുകുത്തി ഉണ്ണരുത്
* പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല
* ഏറിപ്പോയാൽ കോരിപ്പോകും
* അണ്ണാറക്കണ്ണനും തന്നാലായത്
* മിന്നുന്നതെല്ലാം പൊന്നല്ല
* വടികൊടുത്ത് അടിവാങ്ങുക
* ഇരുന്നിട്ടേ കാൽ നീട്ടാവൂ
* പിടിച്ചതുമില്ല കടിച്ചതുമില്ല
* ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം
* പലതുള്ളിപെരുവെള്ളം

# ആനക്കുട്ടിയുടെ അമ്മ

മുഹമ്മദ് അഫ്ത്താഷ് എൻ.ടി

കണ്ടോ ആനയെ കുട്ടിയാനയെ
ആനമ്മ കാട്ടിൽ തേടി നടക്കുന്നു
കണ്ടില്ലാ ഞങ്ങൾ കണ്ടില്ല ആന-
കുട്ടൻമാർ തലയാട്ടുന്നു
ആനമ്മ കുട്ടിയാനയെ കാണാതെ
സങ്കടപ്പെട്ടിരിക്കുന്നു.
അപ്പോളതാ പേടമാൻ ചൊല്ലുന്നു
നിൻപ്രിയ പുത്രനതാ വരുന്നു
മുഖം പുഞ്ചിരികൊണ്ട് തിളങ്ങു-
ന്നാനമ്മ സന്തോഷവാനായി.
ആനമ്മ തൻകുട്ടിയോട് ചൊല്ലുന്നു
പോകാം നമുക്ക് വീട്ടിൽ പോകാം
കുട്ടിയാനയും ആനമ്മയും
തിരികെപ്പോകാൻ തുടങ്ങുന്നു.

# പ്രളയം ഒരു തിരിഞ്ഞു നോട്ടം

ആകാശ് മനോഹർ വി.

കേരള ജനതയെ ഒട്ടാകെ ഭീതിയിലാക്കിയ ഒരു സംഭവമാണ് പ്രളയം. ഇതുവരെ സമ്പാദിച്ചതെല്ലാം ഒരൊറ്റ നിമിഷംകൊണ്ട് മനുഷ്യർക്ക് ഇല്ലാതായി. മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ചൂഷണത്തിന്റെ ഫലമായിട്ടാണ് ഈ ദുരന്തത്തിന് നമ്മൾ ഇരയായത്.

ദുരന്തത്തിൽ പെടാത്തവർ ദുരന്തബാധിതരെ നോക്കി സഹതപിക്കുന്നു. ഇവിടെ സഹതാപമല്ല വേണ്ടത്, മറിച്ച് ഈ ദുരന്തം എനിക്കുംഎന്റെ കുടുംബത്തിനുമാണ് സംഭവിച്ചെതെങ്കിൽ എന്ന് ചിന്തിച്ചാൽ മാത്രമേ നാം പാഠം പഠിക്കൂ.....

പ്രക്രതി ഒരു പുസ്തകമാണ്. ഓരോ ദുരന്തവുംഅതിലെ പാഠഭാഗങ്ങളാണ്.ഒരോ ദുരന്തത്തിൽ നിന്നും നാം പാഠം പഠിക്കണം.ആ പാഠങ്ങൾ നമ്മുടെ അനുഭവമാക്കി മാറ്റണം. ഒരോ അനുഭവവും അവസരങ്ങളാക്കി മാറ്റു മ്പോഴാണ് നമുക്ക് ദുരന്തങ്ങളെ അതിജീവിക്കാനാവുക. അതിജീവിക്കുന്നവർക്ക് മാത്രമേ ജീവിതം ഉണ്ടാകൂ.....

# നമ്മുടെ പ്രകൃതി

മുബഷിർ കെ കെ

പ്രകൃതി എന്നത് എത്ര സുന്ദരമാണ്. ജന്തു ജീവജാലങ്ങൾ എല്ലാം അടങ്ങിയിട്ടുള്ളത് അതിലാണ്. പക്ഷികൾ മൃഗങ്ങൾ എല്ലാം ഇവകൂടാതെ കുന്നുകൾ , മലകൾ , പാറകൾ , മരങ്ങൾ തുടങ്ങിയ പ്രകൃതി വിഭവങ്ങളും അതിലുണ്ട്.

പ്രകൃതി ഉള്ളതിനാലാണ് നാം ഇന്ന് ഇവിടെ ജീവിക്കുന്നത്. പ്രകൃതിയാണ് നമ്മുടെ എല്ലാം. പക്ഷേ ഇപ്പോളുള്ള നമ്മളിൽ ചിലർ ഇതൊന്നും കണക്കിലെടുക്കുന്നില്ല. തന്നിഷ്ടപ്രകാരം എല്ലാം ചെയ്യുന്നു. നമ്മുടെ പ്രകൃതിയുടെ ഭംഗി നിലനിർത്തുന്ന മലകൾ , പാറകൾ , മരങ്ങൾ ഇവയെല്ലാം നശിപ്പിക്കുന്ന കാഴ്ചകളാണ് നാം കാണുന്നത്. പ്രകൃതിക്ക് നിലയ്ക്കാത്ത ഒരുപാട് കാര്യങ്ങൾ നാം ചെയ്യുന്നുണ്ട്, ചെയ്ത് കഴിഞ്ഞിട്ടുമുണ്ട് മാത്രമല്ല വീണ്ടും ചെയ്ത് കൊണ്ടിരിക്കുകയും ചെയ്യും.

നാം പ്രകൃതിയോട് ചെയ്യുന്നത് ക്രൂരതയാണ് വയൽ നികത്തൽ , പാറ പ്പൊട്ടിക്കൽ തുടങ്ങിയവ പ്രകൃതിക്ക്എതിരാണ്. ആദ്യകാല പ്രകൃതിയിൽ നിന്നും ഒരുപാട് മാറിയ താണ് ഇത് ഒന്നോർക്കുക പ്രകൃതിയാണ് എല്ലാത്തിന്റെയും അടിത്തറ. പ്രകൃതി സുരക്ഷിതമായാൽ മാത്രമേ നമുക്ക് നല്ല ആരോഗ്യത്തോടും സന്തോഷത്തോടും കൂടി ജീവിക്കാനാവൂ. അതിനാൽ പ്രകൃതിയെ നശിപ്പിക്കരുത്

# വനിതാ രത്നങ്ങൾ

ദൃശ്യ ദിനേശ്

*ഇന്ത്യയിലെ ഏതെങ്കിലും ഒരു ഹൈക്കോടതിയിൽ വാദിക്കുന്ന ആദ്യ വനിത?

-വയലറ്റ് ആൽവ.

*ഇന്ത്യയിലെ ആദിയ വനിത അഡ്വക്കറ്റ്?

-കോർണേലിയ സൊറാബ്ജി

*ഇന്ത്യയിലെ ആദ്യ വനിതാ മജിസ്ട്രേറ്റ് ആര്?

-ഓമന കുഞ്ഞമ്മ

*ഇന്ത്യയിലെ ഹൈക്കോടതിയിൽ ജഡ്ജിയാവുന്ന ആദ്യ വനിത?

-അന്ന ചാണ്ടി

*കേരള ഹൈക്കോടതിയിൽ ആദ്യ വനിത ചീഫ് ജസ്റ്റിസ്?

-ജസ്റ്റിസ് സുജാതാ മനോഹർ

*കേരള ഹൈക്കോടതിയിലെ ആദ്യ മലയാളി വനിത ചീഫ് ജസ്റ്റിസ്?

-ജസ്റ്റിസ് കെ. കെ. ഉഷ

*ഏതെങ്കിലും ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസായ ആദ്യ വനിത?

-ജസ്റ്റിസ്.ലീലാ സേത്ത്

*സുപ്രീം കോടതിയിലെ ജഡ്ജിയായിരുന്ന ആദ്യ വനിത?

-ജസ്റ്റിസ്.ഫാത്തിമാബീവി

*ഇന്ത്യയിലെ ഗവർണറായ ആദ്യ വനിത?

-സരോജിനി നായിഡു

*സംസ്ഥാന  ഗവർണറായ ആദ്യ മലയാളി വനിത ?

-ഫാത്തിമ.ബീവി

* കേരളത്തിലെ ആദ്യ വനിത ഗവർണർ?

-ജ്യോതി വെങ്കിടാചലം

*കേരളത്തിലെ രണ്ടാമത്തെ വനിതാ ഗവർണർ?

-രാംദുലാരി സിൻഹ

*ഇന്ത്യയിലെ ആദ്യ വനിതാ പ്രധാനമന്ത്രി?

-ഇന്ദിരാ ഗാന്ധി

*ഇന്ത്യയിലെ ആദ്യ വനിതാ മന്ത്രി?

-വിജയ് ലക്ഷമി പണ്ഡിറ്റ്

*ഇന്ത്യയിലെ ആദ്യ വനിതാ കേന്ദ്ര മന്ത്രി?

-രാജ് കുമാരി അമൃത് കോർ

*കേരളത്തിലെ ആദ്യ വനിതാ മന്ത്രി?

-കേ. ആർ. ഗൗരിയമ്മ

*യു.എൻ.പൊതുസഭയുടെ അദ്ധ്യക്ഷയാകുന്ന ആദ്യ വനിത?

- വിജയ് ലക്ഷമി പണ്ഡിറ്റ്(ഉത്തർപ്രദേശ്)

*ഇന്ത്യയിലെ ഒരു സംസ്ഥാനത്തെ മുഖ്യ മന്ത്രിയാകുന്ന ആദ്യ വനിത?

-ഷീനാദേവി(ഹരിയാന)

*ഇന്ത്യയിലെ ആദ്യ വനിത സ്പീക്കർ?

-മീരാ കുമാർ

*രാജ്യസഭാ ഉപാദ്ധ്യക്ഷയാകുന്ന ആദ്യ വനിത?

- വയലറ്റ് ആൽവ

* ഇന്ത്യയിലെ ആദ്യ വനിത ഡെപ്യൂട്ടി സ്പീക്കർ?

-സുശീലാ നയ്യാർ

* കേരളത്തിലെ ആദ്യ വനിത നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ?

-കെ.ഒ.അയിഷാഭായി

*കൂടുതൽ തവണ രാജ്യസഭാ ഉപാദ്ധ്യക്ഷനാകുന്ന വനിത?

-നജ്പ ഹെപ്തുള്ള

*ഡൽഹി ഭരിച്ച ഒരേയൊരു വനിതാ ഭരണാദികാരി?

-സുൽത്താനാ റസിയ

*ഇന്ത്യൻ നാഷനൽ ആർമിയിലെ ആദ്യ വനിത?

-ക്യാപ്റ്റൻ ലക്ഷ്മി സൈഗാൾ

*ഐക്യരാഷ്ട്രസഭയുടെ പോലീസ് ഉപദേഷ്ടാവായി തിരഞ്ഞെ
-ടുക്കപ്പെട്ട ഇന്ത്യൻ വനിത?

-കിരൺ ബേദി

*ചെസ്സിൽ ഗ്രാന്റ്മാസ്റ്ററായി പദവി നേടിയ ആദ്യ വനിത?

-കൊനേരുഹംപി

*സമാധാവത്തിനുള്ള നൊബേൽ സമ്മാനം നേടിയ ആദ്യ
വനിത?

-ബെർത്തവോൻ സട്ട്നർ(ഓസ്ട്രിയ)

# BOOKS

**Hasna**

What worlds of wonder are our books
as one opens them the looks,
new ideas and people rise
in our hand and our eyes .

The room we sit in melts away
and we find ourselves at play
with someone who , before the end
may become our chosen friend .

# നീലാകാശം


സരോജിനി

അതിരില്ലാതെ പരന്നുകിടപ്പൂ-
ണ്ടാകാശം, നീലാകാശം
അവിടെപ്പക്ഷികണക്കെപ്പായാൻ
കവിയുന്നുണ്ടേ മോഹം
ചിറകില്ലാതെ പറക്കാനാമോ
ചിന്താശ്ശൂന്യതയല്ലേ ?
ഗഗനരഥത്തിൽ കയറിപ്പോകാം
ഗതിയില്ലല്ലോ വേറെ
എന്നാലല്ലെൻെറ മനസ്സിനുചെല്ലാ-
മെല്ലാദ്ദിക്കിലുമൊപ്പം
ചിറകില്ലാതെ, രഥമില്ലാതെ
പാറാനെങ്ങനെയാവും
ആരുകൊടുത്തു ശക്തി മനസ്സിനു
ദൂരം തരണം ചെയുവാൻ?

(കടപ്പാട്)

# പ്രകൃതി സംരക്ഷണം

കാർത്തിക് പി



* ദൈവത്തിന്റെ വരദാനമാണ് പ്രകൃതി
* പ്രകൃതിയെ സംരക്ഷിക്കൂ ജീവൻ രക്ഷിക്കൂ
* നമ്മൾ പ്രകൃതി നശിപ്പിക്കുമ്പോൾ നമ്മൾ
  നമ്മളെത്തന്നെയാണ് നശിപ്പിക്കുന്നത്
* ഒരു തൈ നടൂ ജീവൻ രക്ഷിക്കൂ
* പ്രകൃതിയുടെ കാവൽക്കാരനാണ് നമ്മൾ

# മാതൃനൊമ്പരം

നയന.പി

കണ്ണീരിറ്റുവീഴുന്നിതാ നാളെതൻ
ചേതികൾ കണ്ടുനിക്കെ
മാതൃമനമിപ്പോൾ ദുഃഖിതനായിതാ
എല്ലാം സഹിച്ചങ്ങു മൂകമായി
ജനനിതൻ രോദനം ശ്രമിച്ചിടാതെ
മണ്ണിന്റെ മക്കൾ കൊന്നൊടുക്കി
സ്നേഹമാം മാധുര്യം നുണഞ്ഞിടാതെ
യുദ്ധമാം നാശം കൊണ്ടറിഞ്ഞു
വൃക്ഷങ്ങളാം ജീവനെ കൊന്നൊടുക്കു
മ്പോഴിതാ ഇനിവരുന്നോരാ
നാശം അറിഞ്ഞതില്ലിതാ മാനവൻ
വൃക്ഷങ്ങളില്ലാതെ ഈ ധര കോപിച്ചു,
വർഷങ്ങളില്ലാതെ  ഈ മക്കളും.
മർത്ത്യന്റെ തെറ്റിനാൽ കോപിതയായി,
അമ്മതൻ മനം വെന്തെരിഞ്ഞു
കത്തുന്ന വേനലായി കനക്കുന്ന,
വർഷമായി വളരുന്ന,
ഭൂമിയായ് ഭാരതാംബ,

മാനവജീവനെ ദുഖഃത്തിലാഴത്തി.

വിഥികൾ തോറും പോരു വിളിക്കുന്നു.
സ്വൈര്യം കെടുത്തുന്ന അക്രമികൾ
ജനരോഷമായ് ജനപ്രവാഹമായി
ഇത്തിരിക്കൊരു തുള്ളി ജലത്തിനായ് ഇപ്പോഴേ
അലയുന്നിതാ നിരവധി ജീവനുകൾ
ആശയാം പാശം ബന്ധിച്ചിടുമ്പോഴും
മാനവൻ തനാൽ നശിച്ചിടുമ്പോഴും

ഒന്നേ ഞാനിവിടെ കുറിക്കുന്നു.
ജീവിതത്തിൻ വെട്ടമേകുന്നൊരാ വാക്കുകൾ
താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ

# സ്മാർട്ട് ഫോണുകൾ കുട്ടികളെ സ്മാർട്ടാക്കുന്നുണ്ടോ.........


നജാ ഫാത്തിമ പി . കെ

മഹാനായ ആൽബർട്ട് ഐൻസൈറ്റൽ ഒരിക്കൽ പറഞ്ഞു: സാങ്കേതികവിദ്യ മനുഷ്യനെ മറികടക്കും എന്നത് ദയാനകമാം വിധം സ്പഷ്ടമായിരിക്കും. അത് അന്നാരും ഗൗരവമാക്കിയെടുത്തില്ലെങ്കിലും ഇന്നത് പരമാർഥമായി ഭവിച്ചിരിക്കുന്നു. ശാസ്ത്രം നൂതനങ്ങളായ പല കണ്ടുപിടിത്തങ്ങളിലൂടെയും യന്ത്ര സൂത്രങ്ങളിലൂടെയും മനുഷ്യനെ സേവിക്കുന്നു. മൊബൈൽ അടക്കമുള്ള ആധുനിക ഉപകരണങ്ങൾ ഇന്ന് നിത്യജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. ഇത്തരം ഉപകരണങ്ങൾ ലോകത്തെ നമ്മുടെ പോക്കറ്റിലേക്ക് ചുരുക്കിയിരിക്കുന്നു ഗെയിമുകൾ, സിനിമകൾ, സംഗീതം, ഈമെയിൽ, ഇന്റർനെറ്റ് തുടങ്ങി എന്നും വിരൽതുമ്പിൽ ആണ്. നമ്മുടെ കുട്ടികളിൽ ഒരു കടുത്ത ഭാഗം ഇന്ന് ഇവയുടെ കടുത്ത ആരാധകരും കൈകാര്യം ചെയ്യുന്നതിൽ അവരുടെ മാതാപിതാക്കളെക്കാൾ മിടുക്കരാണ്. ഇന്നത്തെ കുട്ടികളിൽ പലരും സാമൂഹ്യക്കൂട്ടായ്മകളിലൊന്നും ഇടപെടാൻ തൽപ്പരരല്ലെങ്കിലും സാമൂഹ്യ മാധ്യമങ്ങളിൽ സജീവമാണ്. കുട്ടികളൊന്നും പുറത്തു പോകില്ലെങ്കിലും അവർ പ്ലേസ്റ്റേഷനുകളിൽ കളിച്ച് തിമിർക്കും. പുറത്ത് സുഹൃത്തുക്കളില്ലായിരിക്കാം. പക്ഷെ ഗാഡ്ജറ്റുകളുമായി ഗാഢ സൗഹൃദമുണ്ട്. ഹോബികളില്ലായിരിക്കാം. പക്ഷെ ആസക്തികളുണ്ട്.

അപ്പോൾ നാം ചിന്തിക്കണം ; ഈ ഗാഡ്ജറ്റുകൾ അവരെ മിടുക്കരും മിടുമിടുക്കരെയും ആക്കുകയാണോ? അപ്പോൾ നാം മറിച്ച് അവരുടെ സ്മാർട്ടനെസ് എല്ലാം ഇല്ലാതാക്കുകയാണോ എന്ന്.

# എന്റെ മുത്തച്ഛൻ


മുഹമ്മദ് സഹൽ കെ. കെ



വണ്ടിയുടെ മുന്നിലെ വെളിച്ചവും
വെട്ടിത്തിളങ്ങുന്ന മഴത്തുള്ളികളും...
കണ്ണഞ്ചിപ്പിച്ച തവളകളെ കൈകക്കുമ്പിളിലാക്കി
വഴിയിൽ നിന്ന് മാറ്റിവയ്ക്കാൻ
ആ വയസ്സൻ ഏറെ തവണ വണ്ടി നിർത്തി പുറത്തിറങ്ങി.
അയാളുടെ നരച്ച തലക്കു ചുറ്റും
നനുത്ത മഞ്ഞുപോലെ മഴത്തുള്ളികൾ പാറി
വീണുകൊണ്ടേയിരുന്നു.
നമുക്കിനിയും ഏറെ വഴി പോകേണ്ടതുണ്ട്.
ലോകത്തെ തവളകളെയൊക്കെ രക്ഷിക്കാൻ നമുക്കാവില്ല
മടങ്ങിവരൂ.
എന്നു ഞാനും പറഞ്ഞു കൊണ്ടേയിരുന്നു.
കാലം ചുളിപ്പിച്ച കൈകളിലൊതുക്കിയ
ജീവന്റെ വഴുവഴുപ്പൻ തുടിപ്പുമായിആ വയസ്സൻ.
വഴിവക്കത്തെ മുട്ടറ്റമുയർന്ന പുല്ലിൽ
മെല്ലെ നിവർന്നു നിന്ന് ചിരിച്ചിട്ടു പറഞ്ഞു
അതേ, അവർക്കും പോകേണ്ടതുണ്ട് വഴി ഇനിയുമേറെ.

# ഒരു പുഴയോരം

## മുബഷിർ കെ



# ഹിബാക്കഷ

ഫാത്തിമ ഷംസുദ്ദീൻ

ആ ദിനം
എന്റെ കണ്ണുകളിൽ
ഇപ്പോഴും മന്നി മറയുന്നു
ആ തീ ജ്വാലകൾ
ജീവന്റെ വിറച്ച ആ സമയം
ചിന്തിച്ച പോകുന്നു
എന്തിനീ ക്രുരത,
യുദ്ധങ്ങൾ
ഞങ്ങളുടെ
പൂന്തോട്ടങ്ങളിൽ
തീ കരികട്ടകൾ നിറച്ചു
കണ്ണുനീർ തുള്ളികൾ പോലും
വറ്റി പരണ്ടു
എന്തിന്ന് ?
ദൈവമേ,
അന്നുമനുഭവിക്കുന്നു നാം
ഒരു വെറും തെറ്റിന്റെ വേദന-
എങ്കിലും
വിശ്വസിക്കുന്നു നാം- അതൊരു-
ദുർദിനം മാത്രം
ദുർദിനം മാത്രം

(കടപ്പാട്)

# My Life

**Shanib**

We are alone in life
There will be no one to look at us
We have good Friends .
But they do not always have time
to walk with us .

We are birds like in the sky
There is a chance to trap by the hunter .
We do not go back to bad habit .
We need the exercise of self-control .

We should never be lazy in life .
The laziness will destroy us .
Our friends are our courage .
We want to have that courage always .

# നിഷ് ക്രിയത്വത്തിന്റെ മീഡിയ വർത്തമാനങ്ങൾ

ദിൽനാ സൈനബ എം. പി

ഇന്റർനെറ്റിന്റെയും സോഷ്യൽ മീഡികളുടെയും അതിപ്രസരത്തിൽ ഭ്രമിച്ചു കഴിയുന്ന ഒരു സമൂഹമാണ് ഇന്നുള്ളത് നാമോരോരുത്തരും പൂർണ്ണമായും ഭാഗികമായോ ഈ അവസ്ഥക്ക് വിധേയരാണ്. സത്യാസത്യങ്ങളുടെ പ്രസ്ക്തി ആസ്ഥാനമാക്കുന്ന മീഡിയ അപനിർമിതികളുടെ അർത്ഥതലങ്ങൾ ചർച്ച ചെയ്യപ്പെടരുതെന്ന് ആഗ്രഹിക്കുന്ന കപടബുദ്ധികളുടെ കളിപ്പാവയാണ് നാമടങ്ങുന്ന തലമുറ. ദൈന ദിനംകൃത്യങ്ങളുടെ ഒരു ഭാഗമായിരിക്കുന്ന പുതുതലമുറയക്ക് സോഷ്യൽ മീഡിയകൾ നിഷ്ക്രിയത്വത്തിന്റെ നിദാനങ്ങളാണവർ. മീഡിയകളുടെ ബോധാപൂർവ്വമുള്ള സമയാപഹരത്തിന്റെ ഇരകളാണ് നാമെല്ലാം. കൊല്ലവർഷം തികയുമ്പോൾ കണക്ക് പിള്ളമ്മാർ സാമ്പത്തിക ക്രിയവിക്രയങ്ങളുടെ ആകെ തുക തിട്ടപ്പെടുത്തും.നഷ്ടവും ലാഭവും വേർതിരിക്കും സമയത്തിന് നഷ്ട നിമിഷങ്ങളുടെ വീണ്ടെടുപ്പ് അസ്യാധ്യവും നാളിതുവരെയുള്ള ജീവിതത്തിൽ തത്വാധിഷ്ഠിതമായി സമയോപയോഗക്രമത്തിന് എന്ത് കൊണ്ട് ഒരു ബാലൻസ് ഷീറ്റ് കൊണ്ട് വന്നില്ല ? അതിന് അനിവാര്യമല്ലേ ? ഇന്ത്യയെപോലെ ജനസംഖ്യാനിരക്ക് വർധിച്ച ഒരു രാജ്യത്തിന് മൂലധനം (സോഷ്യൽ ക്യാപിറ്റിൽ ) എന്നത് ഒരു അതിപ്രധാനമാണ്. സത്യബോധമുള്ള ഒരു സമൂഹത്തിന്റെ ക്രിയാത്മക പ്രവർത്തനം മൂലമേ രാജ്യം പുരോഗതി കൈവരിക്കുകയുള്ളു. അലസത രാജ്യത്തിന് അമിതഭാരമാണ്. രാഷ്ടനിർമ്മിതിയുടെ മൂലശിലകളാകേണ്ടവർ വിനാസത്തിൽ വ്യാപൃതരാകുന്നത് വേദനാജകമാണ്. വളർന്ന് വരുന്ന ഇളം നാമ്പുകൾ ഇരകൾ മാത്രമാണ്. സാങ്കേതികവൽകൃത പ്രകൃതിയിലേക്കാണവർ പിറന്നു വിഴുന്നത് മീഡിയ വ്യാപാരങ്ങളിധിഷ്ഠിമായ ജൈവികഘടനയാണവർക്ക് മുമ്പിലുള്ളത്. ഫെയ്സ് ബുക്കിലും, വാട്സ് ആപ്പിലും വരുന്ന വീഡിയോ കട്ടിങ്ങുകളും ഇഷ്ട മെസേജ്കളുമാണവരുടെ ജീവിതഗതി നിർണ്ണയിക്കുന്നത്. പ്ര കൃതിയോടിണങ്ങിയുള്ള നൈസർഗ്ഗിക ജീവിതമവർക്കന്യമാണ്. ലക്ഷ്യ പ്രാപ്തിയുടെ അത്യന്തര വിജയമന്ത്രങ്ങളോ ഇല്ലാത്ത പ്ലാസ്റ്റിക് ജീവിതത്തിൽ ഒരു തലമുറയുടെ പതനിദാനം എന്നതിലുപരി സമൂഹത്തിന്റെ മസ്തിഷ്കരോഗമായിമാറിയിരിക്കുന്നു.

സാമൂഹ്യ മാധ്യമങ്ങൾ ഈ തലമുറയുടെ സെറിബ്രത്തിന്റെ മൂലനാഡി മുതൽ തുടങ്ങണം. ചികിത്സാ മിഥ്യാ സല്ലാപങ്ങളിലുള്ള സൈര്യവിഹാരാസക്തിക്ക് മൂക്കുകയറിടേണമാദ്യം. ഇതുവരെ ജീവിച്ച അധോലോക വസ്തിഷകത്തിലേക്ക് കുത്തി നിറച്ച വൈറസ് നിറഞ്ഞ വിവരങ്ങളെ പുറത്തെടുത്ത് ആന്റി വൈറസ് ഉപയോഗിച്ച് വൃത്തിയാക്കി യാഥാർത്ഥ്യത്തിന്റെ ചൂളയിലിട്ട് വേവിച്ചെടുത്ത് തിരിച്ച് സ്ഥാപിക്കണം. മനുഷ്യത്ത്വരഹിത ത്വരതാണ്ഡവമാടുകയാമെവിടെയും സ്വന്തം വർഗത്തെ ക്രൂശിക്കാൻ അക്രോശിക്കുകയാണ് ഒരു വിഭാഗം. ഈ അരാചകത്വ ങ്ങളെ പ്രതിരോധിക്കണമെങ്കിൽ ഒരു ധൈഷണിക സമൂഹം ഉണരേണ്ടതുണ്ട് മാനൂഷിക മൂല്യങ്ങൾക്ക് പരിക്കൽപന നൽകുന്ന ഒരു തലമുറ. മീഡിയ ഇടപ്പെടലിൽ അമിതാവേശമുള്ള കുട്ടികൾ പലവിധ മാനസിക ദൗർബല്യ ങ്ങളുടെയും ഇരകളായിരിക്കും. ലക്ഷ്യപ്രാപ്തിക്കുള്ള വന:ശക്തിയോ വഴിതെറ്റി പോവുന്നതറിയാനുള്ള ശേഷിയോ ഇവർക്കുണ്ടാവില്ലാ സ്വയം നിയന്ത്രിക്കാൻ ശേഷിയില്ലാത്തവരെങ്ങനെ സമൂഹനിയന്ത്രണ കടിഞ്ഞാൺ പിടിക്കും ദാരിദ്രമായരുന്നു പഴയകാലത്ത് പല ഉത്തമ ജീവിതങ്ങളെയും വാർത്തെടുത്തത്. പട്ടിണി ജീവിതത്തിൽ ഒരു പ്രതിരോധാത്മക മനോഭാവം ഉരുത്തിരിയുകയും സത്യവും ധർമ്മവും നീതിയും സമത്യവും ജീവിത പ്രശ്നമായി മാറും നിലനിൽപിനു വേണ്ടിയുള്ള പ്രതിരോധവുറകൾ സ്വീകരിച്ചവരായിരക്കുമായിരിക്കും ഇന്ന് ദാരിദ്രം നാടു നീങ്ങി സമ്പത്തിന്റെ അതി പ്രസരത്തിൽ കണ്ണ് മഞ്ഞളിച്ച് ഒരു തലമുറയാണ് വളർന്ന് വരുന്നത് പാവപ്പെട്ടവന്റെ പ്രതിനിധികളാവാൻ അവരെ കിട്ടിയില്ല ഇവരങ്ങനെ പൊതുജനത്തെ സ്വാധീനിക്കു. നിലനിൽപ്പിനു വേണ്ടിയുള്ള ജീവിതസമരത്തിൽ നിന്ന് ആർജിച്ചെടിക്കുന്ന ഊർജ്ജത്തിന് പത്തരമാറ്റാണ് തലവുറയെ സ്വാധീനിക്കാനും അതുവഴി അവരിലേക്ക് ഇറങ്ങിച്ചെല്ലാൻ സാധിക്കും. ഉത്തമ സമൂഹസൃഷ്ടികൾ പ്രപ്തരാകും ഈയൊരു തലത്തിലേക്കുയരനാണ് പുതുതലമുയിലെ ബുദ്ധിയുള്ളവർ ചിന്തിക്കേണ്ടത്. ഇവർക്ക് വേണ്ടി കാത്തിരിക്കുന്ന കാലം.

# WHEN I AM ALONE

Dilna Zainu

when I am alone
when I am alone
my dreams as me
of the day I me them
it asked me how
I loved her
for all I have only one cause
that us that he was made for me .

my heart was dancing like daffodils
in the handles of her
I thought beyond and beyond
how to love her more and more .

I do believe that no dreams
no duck can throw us
I was proceed joy of my clear
but all was  snow glass
he flew for and for from a body
with tears I star at .

The path he plucked by
I tried to the sky to the sea
cried and cried
and now when I am alone
I ask those days to come back
I ask those fine dreams to church
again and again .

# പഴഞ്ചൊല്ലുകൾ

അനന്തു സി എം

## കൃഷിച്ചൊല്ലുകൾ

* വിത്താഴം ചെന്നാൽ  പത്തായം നിറയും
* വിത്ത് കുത്തി ഉണ്ണരുത്
* ഉടമയുടെ കണ്ണ്  ഒന്നാന്തരം വളം
* മുളയിലേ അറിയാം വിളയുടെ കരുത്ത്
* വിത്തു ഗുണം പത്ത് ഗുണം
* പറിച്ചു നട്ടാലേ കരുത്തു കൂടു
* കാലത്തേ വിതച്ചാൽ നേരത്തെ കൊയ്യാം
* കതിരിൽ വളം വയ്ക്കരുത്

## ജീവികൾ ച്ചൊല്ലുകൾ

* ആന വായിൽ അമ്പഴങ്ങ
* എലിയെ പേടിച്ച് ഇല്ലം ചുടുക
* ഏട്ടിലെ പശു പുല്ല് തിന്നുമോ?
* ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടാമോ
* ആളുകൂടിയാൽ പാമ്പ് ചാവില്ല
* ആന കൊടുത്താലും ആശ കൊടുക്കരുത്
* കാക്ക കുളിച്ചാൽ കൊക്കാകുമോ
* കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്

# Another Chance

**Nadhiya**

Aim and Goal were the step
of success
A best aim help to a
great success
A small mistake will make
hall in our aim
Concentration is essential for
a deep winning

A small mistake led
to failure
Mistakes give up for
excuse and another chance
Aim was the key for
overcome our mistakes

Failure is the stepping stone
to success
so, take the chance to
win every task in life
And never give up in
despair
make the life better!

# തിരക്ക്

നസീഹ എസ്. എം

മനുഷ്യനു തിരക്കാണ്.
എപ്പോഴും , എന്തിനും , എവിടെയും.
ഫൈവ്സ്റ്റാർ ഹോട്ടിലിലും നാടൻ തട്ടുകടയിലും
ഒരുപോലെ തിരക്ക്.
ബസിൽ , റോഡിൽ , കടയിൽ എന്തിന്-
വീട്ടിലിരിക്കുമ്പോൾപ്പോലുമേവർക്കും തിരക്ക്.
കിതച്ചു കൊണ്ടോടും മനുഷ്യർക്കിന്ന്-
പുഞ്ചിരി പോലും മറന്നുപോയോ?-
അവസാന നാൾവരെ തിരക്കേറി-
യോടുന്നതിനാലാവാം മരിക്കുമ്പോൾ-
പോലും ഇന്നത്തെ മാനവർ
അറ്റാക്കു വന്ന് പെട്ടന്ന് പോവുന്നത്

# പ്രളയം

നയന പി



# ലിറ്റിൽ കൈറ്റ്സ്












# നന്മവെളിച്ചം

നജ ഫാത്തിമ പി കെ

രാത്രിയിൽ ഉറങ്ങാൻ കിടക്കുമ്പോഴും മനസ്സിലെ ചിന്ത അമ്മയെ കുറിച്ചായിരുന്നു.വിവേകിന്റെ പ്രശ്നം അധ്യാപകരുടെ വഴക്കോ, കൂട്ടുകാരുടെ വഴക്കോ അല്ല, അമ്മയുടെ സങ്കടമാണ്. ഇങ്ങനെ അടിക്കടി സ്കൂളിലെ പരാതികൾ തീർക്കാനായി പോകേണ്ടി വരുന്നത് വളരെ വിഷമമാണ്. എത്ര മറിഞ്ഞും തിരിഞ്ഞും കിടന്നിട്ടും ഉറക്കം വരാതെയായപ്പോൾ അമ്മയുടെ അടുത്തേക്ക് അവൻ നീങ്ങികിടന്നു. “അമ്മ ഉറങ്ങിയോ" ഒരു താഴ്ന്ന സ്വരത്തിൽ അവൻ ചോദിച്ചു "ഇല്ല മോനെ, എന്താ ചോദിച്ചേ?” അമ്മയുടെ മറുചോദ്യം. “ഞാൻ ഇനി ഒരു പ്രശ്നോം ഉണ്ടാക്കില്ലമ്മേ, വിനുക്കുട്ടൻ ഇനി നല്ല കുട്ടിയാവും"എന്നും പറഞ്ഞുകൊണ്ട് അമ്മയെ കെട്ടിപിടിച്ചു കൊണ്ട് അവൻ ഉറങ്ങി. ഉറക്കത്തിൽ മുഴുവൻ ആരോ മന്ത്രിക്കുന്നുണ്ടായിരുന്നു-"നീ അമ്മയെ വിഷമിപ്പിക്കരുത്, പഠിച്ച് വലിയ ആളാവണം, ജോലി നേടണം,". രാവിലെ ബാഗും തൂക്കി സ്കൂളിലേക്കിറങ്ങി.അവൻ നല്ല കുട്ടിയായി ക്ലാസിൽ കയറിയിരുന്നു. ബെല്ലടിച്ചു, ടീച്ചർ വന്നു. ക്ലാസ് തുടങ്ങി. വിവേകിന്റെ ചിന്തമുഴുവനും അമ്മയെക്കുറിച്ചായിരുന്നു. അമ്മ ജോലിക്കു പോയിക്കാണുമോ, അമ്മയ്ക്ക് എന്നോട് ദേഷ്യമുണ്ടാകുമോ, ഇതെല്ലാമായിരുന്നു അവന്റെ ചിന്ത. " വിവേക് സ്റ്റാന്റ് അപ്പ് " സുധ ടീച്ചറുടെ ആക്രോഷത്തിന്റെ മുന്നിൽ വിനുക്കുട്ടൻ പകച്ചുനിന്നു. " ആരാണ് പ്ലാസ്റ്റിക് കണ്ടുപിടിച്ചത്?" "നെൽസൺ മണ്ടേല".ക്ലാസ് മുഴുവൻ പൊട്ടിച്ചിരിച്ചു ടീച്ചറും കളിയാക്കി "ആരാടാ ഒരു വിവേകവുമില്ലാത്ത നിനക്ക് വിവേക് എന്ന് പേരിട്ടത്." അവൻ മുഖം താഴ്ത്തി നിന്നു. അന്ന് സ്കൂൾ വിട്ട് പോയി വീട്ടിലെത്തിയപ്പോൾ.

# Education

**Muhammed Sahal**

Education is essential for our life . It is the process which helps us to modify ourselves and to make us be filling to all situations and environments. Education is not an investment in employment possibilities or it is not an employment generating machine. It is not only a matter of learning lessons but acquiring manners, discipline and good behaviours we learn to respect others and to make good and effective communication. It helps to develop our personality. These are all factors which led us to success in life. Education is everything.

A child's first teacher is his/her mother. What we learn from our mother is reflected in thoughts."Education is the powerful weapon which can use to change our world....................."

# കടങ്കഥ

നീരജ് എ കെ

*അകമില്ല പുറമില്ല ഞെട്ടില്ല വട്ടയില : പപ്പടം

*കാളകിടക്കും കയറോടും : മത്തൻ

*അകത്തുരോമം പുറത്തിറച്ചി : മൂക്ക്

*അമ്മയെ തൊട്ടു മകൻ മരിച്ചു : തീപ്പെട്ടിക്കൊള്ളി

* മുറ്റത്തെ ചെപ്പിനടപ്പില്ല : കിണർ

* ആകാശത്തെത്തുന്ന തോട്ടി : കണ്ണ്

*കാട്ടിലൊരു തുള്ളി ചോര : മഞ്ചാടി

*എത്ര അടിച്ചാലും തീരാത്ത മുറ്റം : ആകാശം

*ഇട്ടാപ്പൊട്ടും പൊട്ടും ഇംഗ്ലീഷ് മുട്ട : കടുക്

*കാട്ടിൽ ഒരു വളഞ്ഞ വടി : പാമ്പ്

* ഓടും കുതിര ചാടുമ കുതിര
വെള്ളം കണ്ടാൽ നിൽക്കും
കുതിര : ചെരുപ്പ്

* അമ്മ കറുത്തത് മകൾ വെളുത്തത്
മകളുടെ മകൾ അതി സുന്ദരി : വെള്ളില

* ഉച്ചി കുടുമൻ ചന്തക്ക് പോയി : കൈതച്ചക്ക

* ഒഴുകുന്ന സഖ്യ : ആറ് ( 6 )

* ആയിരം കുഞ്ഞുങ്ങൾക്ക്
ഒരേയൊരരഞ്ഞാണം : ചൂല്

* ഒരമ്മ പെറ്റതിനാൽ കറുത്ത
പട്ടാളങ്ങൾ : തീപ്പെട്ടി

# ജീവചരിത്ര കുറിപ്പ്

## ശാരോൺ സി ദിനേഷ്



### കെ. എം. മാത്യൂ
(1917 – 2010 )

ആലപ്പുഴയിൽ ജനിച്ചു. പ്രമുഖ പത്രപ്രവർത്തകനും പത്രവ്യവസായിയും മലയാള മനോരമയുടെ ചീഫ് എഡിറ്ററു മായിരുന്നു. പി. ടി. ഐ, ഇന്ത്യൻ ന്യൂസ്പേപ്പർ സൊസൈറ്റി തുടങ്ങിയവയുടെ നായകത്വം വഹിച്ചിട്ടുണ്ട്. 1998 ൽ പദ്മഭൂഷൺ നൽകി ആദരിച്ചു. അന്നമ്മ, എട്ടാമത്തെ മോതിരം (ആത്മകഥ) എന്നിവയാണ് കൃതികൾ.

# മരങ്ങൾ വളർത്താം

നജ ഫാത്തിമ പി.കെ

കോടാനുകോടി വർഷങ്ങളിലെ പരിണാമക്രിയയിലൂടെയാണ് സസ്യജാലം രൂപം കൊണ്ടത്. ഒരു പ്രദേശത്തെ സ്വാഭാവിക സസ്യങ്ങളുടെ ഘടന തീരുമാനിക്കുന്നത് മൂന്ന് ഘടകങ്ങളാണ്. ഭൂമധ്യ രേഖയിൽ നിന്നുള്ള അകലം, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം കാലാവസ്ഥ ഇപ്രകാരം പ്രകൃതി സൃഷ്ടിച്ച സസ്യങ്ങൾക്ക് സ്ഥാനഭ്രംശം സംഭവിക്കുന്നതിനും മറ്റുള്ളവ കടന്നുവരുന്നതും മനുഷ്യന്റെ ഇടപെടൽ മൂലമാണ്. ലോകത്താകമാനവും കേരളത്തിൽ പ്രത്യേകിച്ചും കഴിഞ്ഞ ഒരുരണ്ട് നൂറ്റാണ്ടുകളായി വൻ തോതിൽ വനങ്ങൾ വെട്ടിത്തെളിച്ച് ഒറ്റ നാണ്യവിളത്തോട്ടങ്ങളും കൃഷിയിടങ്ങളും ആക്കിക്കഴിഞ്ഞു. പരിണിതഫലം കാലാവസ്ഥ വ്യതിയാനവും. കാലാവസ്ഥാ വ്യതിയാനത്തിന് മറുപടി വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുകയെന്ന കാഴ്ചപ്പാടുമായി സർക്കാരും വനംവകുപ്പും മുന്നേറുകയാണ്.ഈ വർഷം വിതരണം ചെയ്തത് 72 ലക്ഷം തൈകളാണ്. കുറച്ച് വർഷങ്ങൾക്ക് മുമ്പ് തുടങ്ങിയ 'എന്റെ മരം' പദ്ധതി വഴിയും തൈകൾ വിതരണം ചെയ്യുന്നു. ഇതിൽ പ്രകൃതി വിരുദ്ധവൃക്ഷങ്ങളും ഉണ്ടെന്നുള്ള വസ്തുതത അടുത്ത കാലത്ത് പരിസ്ഥിതി സ്നേഹികൾ ചൂണ്ടിക്കാണിക്കാറുണ്ട്.

# വർണം

മുഹമ്മദ് ഷിയാൻ



# മികവിന്റെ കേന്ദ്രം


കേരള സർക്കാർ
വിദ്യാഭ്യാസ വകുപ്പ്
മികവിന്റെ കേന്ദ്രം
ഗവ: ഹയർ സെക്കന്ററി സ്കൂൾ, പന്നൂർ
8 ഡിസംബർ 2018
ശിലാസ്ഥാപനം
വി. എസ്. സുനിൽ കുമാർ
(ബഹു. കേരള കൃഷി വകുപ്പ് മന്ത്രി)
ശ്രീ. കാരാട്ട് റസാഖ്, എം. എൽ. എ.
ശ്രീ. ബാബു പറശ്ശേരി (പ്രസിഡണ്ട് ജില്ലാ പഞ്ചായത്ത്)
ശ്രീ. ഷാനു. കെ. എച്ച്. (പ്രോജക്ട് മാനേജർ കൈറ്റ്)
ശ്രീ. എം. സന്തോഷ് കുമാർ
(പ്രിൻസിപ്പൽ)
ശ്രീ. കെ. ജി. മനോഹരൻ
(ഹെഡ്മാസ്റ്റർ)
ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി LTD.









# സ്കൂൾ ജൈവ വൈവിധ്യ രജിസ്റ്റർ

സൂര്യ ദേവ് കെ. കെ

ജൈവ വൈവിധ്യ സംരക്ഷണ നിയമത്തിന്റെ ഭാഗമായി ഇതിനകം തന്നെ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനകീയ ജൈവ വൈവിധ്യ രജിസ്റ്ററുകൾ ഉണ്ടാക്കുകയും ജൈവ വൈവിധ്യ പരിപാലനത്തിനായി പ്രത്യേകം സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരള ജൈവ വൈവിധ്യ ബോർഡാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നത്. ഈ പ്രവർത്തങ്ങളോട് കണ്ണിചേർത്തും വിദ്യാലയ ജൈവോദ്യാനത്തോട് ബന്ധപെടുത്തിയുമാണ് വിദ്യാലയ ജൈവവൈവിധ്യ രജിസ്റ്റർ നിർമിക്കേണ്ടത്.

# മഹത് വചനങ്ങൾ

വിനായക്

ഏതൊരു വിദ്ധ്യർത്ഥിയുടെയും യഥാർത്ഥ
പുസ്തകം അവന്റെ ഗുരുനാഥനാകുന്നു.

-ഗാന്ധിജി

നല്ലത് മാത്രം പറയുക
അല്ലെങ്കിൽ  മിണ്ടാതിരിക്കുക

-മുഹമ്മദ് നബി

നല്ലവാക്ക് ദാനത്തേക്കാൾ വിഷിഷ്ടമാണ്

-ബൈബിൾ

മതം ഒരു നണയാണ്
മതത്തെപ്പറ്റി ദൈവത്തോട്
ചോദിച്ചാൽ അതെന്താണെന്ന്
ദൈവം തിരിച്ച് ചോദിക്കും

-കമല സുരയ്യ

എത്രമാത്രം വിനയമുള്ളവനാകുന്നുവോ
അത്രമാത്രം നിങ്ങൾ വലിയവനാകുന്നു    -കാൾ മാക്സ്

വിശ്വാസദാർഢ്യവും ഉദ്ദേശ ശുദ്ധിയുമുണ്ടെങ്കിൽ
വിജയം ലഭിക്കാതിരിക്കില്ല

-സ്വാമി വിവേകാനന്ദൻ

ജീവാതത്തിൽ വിശ്രമമെന്നൊന്നില്ല
ഉണ്ടെങ്കിൽ അത് മരണമാണ്    -അല്ലാമാ ഇഖ്ബാൽ

വിദ്യാഭ്യാസത്തിന്റെ വേര്  കൈപ്പുള്ളതാണ്,
പക്ഷേ ഫലം  മധുരമുള്ളതാണ്


little
KITEs
GOVT. HIGHER SECONDARY SCHOOL PANNUR
GHSS Pannur
Kizhakkoth (P O)
Koduvally Kozhikode
ph: 0495 2211678
ghsspannur@gmail.com